

THURSDAY 16/04/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff



**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/04/2026

1. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) മുഖേന നടപ്പിലാക്കുന്ന ഒരു പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് MIDH (Mission for Integrated Development of Horticulture). ഇതിലൂടെ Horticulture crops – പഴം, പച്ചക്കറി, പൂക്കൾ, സുഗന്ധ വ്യഞ്ജനങ്ങൾ, സുഗന്ധ തൈല വിളകൾ, ഔഷധ സസ്യങ്ങൾ, തോട്ടവിളകൾ (cashew and cocoa), mushroom കൃഷി, തേനീച്ച കൃഷി, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കുക, പുതിയ കൃഷി സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുക, കർഷകരുടെ വരുമാനം കൂട്ടുക, സംഭരണം, മാർക്കറ്റിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കർഷകർക്ക് ലഭിക്കുന്ന പ്രധാന ആനുകൂല്യങ്ങൾ താഴെ പറയുന്നവയാണ് . പ്ലാന്റിംഗ് മെറ്റീരിയൽ സഹായം, മികച്ച ഗുണമേന്മയുള്ള വിത്തുകൾക്ക് സബ്സിഡി, നഴ്സറി സ്ഥാപിക്കാൻ സഹായം, പുതിയ കൃഷി (Area Expansion) – പഴം, പച്ചക്കറി, മസാല കൃഷിക്ക് 40%-60% വരെ സബ്സിഡി, ഉദാ: വാഴ, മാങ്ങ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുളക്, മുളകുപൊടി, ഇഞ്ചി, കുരുമുളക്, Protected Cultivation (Greenhouse / Polyhouse), പോളിഹൗസ് / ഷേഡ് നെറ്റ് സ്ഥാപിക്കാൻ 50%-65% വരെ സബ്സിഡി, ജലസേചന സൗകര്യം, ഡ്രിപ്പ് ഇറിഗേഷൻ / മൈക്രോ ഇറിഗേഷൻ, ജലസംരക്ഷണത്തിന് പ്രത്യേക പിന്തുണ, Post Harvest മാനേജ്മന്റ് - കോൾഡ് സ്റ്റോറേജ്, പാക്കിംഗ് ഹൗസ്, ഗ്രേഡിംഗ് യൂണിറ്റ്, Organic Farming / Integrated ഫാർമിംഗ്, ജൈവ കൃഷിക്ക് പ്രോത്സാഹനം, കൃഷി സംയോജിത രീതികൾക്ക് പിന്തുണ നൽകുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന ഈ പദ്ധതികൾക്ക് വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK), ഗ്രാമപഞ്ചായത്ത് കൃഷിഭവൻ എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ നൽകേണ്ടത്. ആധാർ, ബാങ്ക് അക്കൗണ്ട്, ഭൂമിയുടെ രേഖ എന്നീ രേഖകൾ സഹിതം കൃഷി ഭവൻ മുഖേന പദ്ധതിക്ക് അപേക്ഷിക്കാം. ഫീൽഡ്തല പരിശോധനക്ക് ശേഷം പദ്ധതിക്ക് അംഗീകാരം ലഭിക്കും.

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. റബ്ബർപാലിൽ നിന്നുള്ള ഉത്പന്ന നിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും; റബ്ബർപാൽ സംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം 2026 ഏപ്രിൽ 20 മുതൽ 24 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ-മെയിൽ: training@rubberboard.org.in.

3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ആറുമാസത്തെ തേനീച്ചവളർത്തൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസിയോ തത്തുല്യ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത യോ ഉള്ള 18നും 30നും ഇടയിൽ പ്രായമുള്ളവർക്ക് ഓൺ ലൈനായി അപേക്ഷിക്കാം. ഫീസ് 30,000 രൂപ. ഇതിനുപുറമെ ഫീൽഡ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രെയിനിങ്ങിന് ചെലവാകുന്ന അധികതുക അപേക്ഷകർ വഹിക്കണം. അപേക്ഷാഫീ സ് 50 രൂപ. ജൂലൈ 31നകം അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9747321760. വെബ് സൈറ്റ്: khadi.kerala.gov.in

## കാർഷിക നിർദേശം

4. കമുക് – കുരുത്തോലച്ചാഴി, മഞ്ഞളിപ്പ് മുതലായ കീട-രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കുക. മഞ്ഞളിപ്പ് കാണുകയാണെങ്കിൽ വിദഗ്ധ ഉപദേശം തേടി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. തെക്കൻ വെയിലിൽ നിന്നുള്ള സൂര്യാഘാതം തടയുന്നതിനായി കമുകിൻ തടിയിൽ വെള്ള പൂശുകയോ കമുകിൻ പോളകൾ കൊണ്ട് പൊതിയുകയോ ചെയ്യണം. തോട്ടങ്ങളിൽ 3-5 ദിവസം ഇടവിട്ട് മരമൊന്നിന് 175 ലിറ്റർ എന്ന തോതിൽ ജലസേചനം നൽകുക.

കുരുമുളക് – നടീലിന് തയ്യാറാക്കി വച്ചിട്ടുള്ള ചെന്തലകൾ കഷണങ്ങളാക്കി വേരുപിടിപ്പിക്കാൻ കൂടകളിൽ നടാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS’ WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വള്ളികൾ സൂര്യാഘാതമേൽക്കാതെ സംരക്ഷിക്കുകയും പുതയിട്ട് ഉണക്കിന്റെ കാഠിന്യം കുറക്കുകയും ചെയ്യേണ്ടതാണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം